പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5314**
**01.07.2019 ലെ മറുപടിയ്ക്ക്**

സ്പാർക്ക് സോഫ്റ്റ്‌വെയർന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ക്ഷാമബത്ത ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ സ്പാർകിൽ നിന്നും യഥാസമയം ബില്ല് പ്രോസസ് ചെയ്യാൻ കഴിയാത്തത് മൂലം വൈകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ക്ഷാമബത്ത ഉൾപ്പടെയുള്ള ആനുകൂല്യങ്ങളുടെ ബില്ലുകൾ സമയോചിതമായി പ്രോസസ് ചെയ്യാൻ കഴിയാത്ത സാഹചര്യം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സ്പാർകിന്റെ പോരായ്മകൾ നിമിത്തം ഏറ്റവുമൊടുവിൽ പ്രഖ്യാപിച്ച ക്ഷാമബത്ത വിതരണം ചെയ്യുന്നതിന് ഏകദേശം എത്ര ദിവസത്തെ കാലതാമാസമുണ്ടായിട്ടുണ്ടെന്നു വിശദമാക്കുമോ; | കാലതാമാസമുണ്ടായിട്ടില്ല. |
| സി) സ്പാർകിന്റെ പോരായ്മകൾ മൂലവും നെറ്റ് വർക്ക് തകരാറുമൂലവും ,സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുവാൻ കഴിയാത്തത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ സ്പാർക്ക് വഴി വിതരണം ചെയ്യുവാൻ കഴിയാത്തതായ സാഹചര്യം നിലവിലില്ല. എന്നാൽ കാലോചിതമായ പരിഷ്ക്കരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട് .ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത് വേഗത്തിലാക്കുന്നതാണ്. |

B. [signature]

സെക്ഷൻ ഓഫീസർ